തലശ്ശേരി മുനിസിപ്പാലിറ്റി
പിൻ കോഡ്- 670101
GSTIN:32AAALS3288A1ZA ഫോൺ നമ്പർ : 0490-2320051
https://thalasserymunicipality.lsgkerala.gov.in,
thalasserymunicipality@gmail.com

നമ്പർ: 1278802-2024

തീയതി : 11-06-2026

# വാഹന പുനർലേലം/ടെണ്ടർ പരസ്യം

സെക്രട്ടറി,തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള 2011 മോഡൽ ടാറ്റ ഇൻഡിഗോ കാർ **18/06/2026** തീയ്യതിയിൽ **രാവിലെ 11.00 മണിക്ക്** മുൻസിപ്പൽ കൌൺസിൽ ഹാളിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതും ,ഇതേ ആവശ്യത്തിന് അന്നേ ദിവസം 10.30 മണി വരെ സീൽ ചെയ്ത ടെണ്ടർ നഗരസഭ ഓഫീസിൽ സ്വീകരിക്കുന്നതുമാണ്.

| ക്രമ നം | ഇനം | അടിസ്ഥാന ലേല തുക | നിരതദ്രവ്യം | ടെണ്ടർ ഫോറം വില |
|---|---|---|---|---|
| 1 | 2011 മോഡൽ TATA INDIGO CAR | 32,000/- | 1,000/- | 500+GST |

**നിബന്ധനകൾ:-**

1)നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ കവർ ഒട്ടിച്ച് സീൽ ചെയ്തിരിക്കേണ്ടതാണ്.

2)ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ടെണ്ടറിന്റെ ഉറപ്പിലേക്കായി നഗരസഭ സെക്രട്ടറിയുടെ പേരിൽ ട്രഷറിയിൽ ഒടുക്കിയ ചെലാനോ,നഗരസഭ സെക്രട്ടറിയുടെ പേരിൽ എടുത്തിട്ടുള്ള ഡി.ഡി യോ നിരതദ്രവ്യമായി ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

3)ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് അതേ നിരതദ്രവ്യത്തിൽ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.ലേലത്തിൽ മാത്രമായി പങ്കെടുക്കുന്നവർ ലേലം നടത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വശം നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്.

4)ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളി/ടെണ്ടർ നൽകുന്നയാളുടെ പേരിൽ താൽക്കാലികമായി ലേലം ഉറപ്പിച്ച് നൽകുന്നതാണ്.ഒന്നിൽക്കൂടുതൽ ആളുകൾ ഒരേ സംഖ്യ ടെണ്ടർ നൽകുകയോ ,അല്ലെങ്കിൽ ടെണ്ടർ തുകയും ലേലതുകയും ഒരേ പോലെ വരികയോ ചെയ്താൽ നറുക്കെടുപ്പിലൂടെ ലേലം ഉറപ്പിക്കുന്നതായിരിക്കും.

5)ലേല തുക/ടെണ്ടർ തുക മുഴുവനായും 18 ശതമാനം ജി.എസ്.ടി ഉൾപ്പെടെ അന്നേ ദിവസം തന്നെ നഗരസഭ ഫണ്ടിൽ അടക്കേണ്ടതാണ്.ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം കമ്മിറ്റി/കൌൺസിലിൽ നിക്ഷിപ്തമാണ്.ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ചാൽ 7 ദിവസത്തിനുള്ളിൽ വാഹനം സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതാണ്.ഇതിന് വീഴ്ച്ച വരുത്തുന്നപക്ഷം ഒടുക്ക് വരുത്തിയ തുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടി വാഹനം പുനർലേലം ചെയ്യുന്നതാണ്.

6)പ്രത്യേക കാരണം കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ നഗരസഭ സെക്രട്ടറിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

7)ലേല ദിവസം പൊതുഅവധി പ്രഖ്യാപിക്കുകയാണെങ്കിൽ ലേലം/ടെണ്ടർ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് നടത്തുന്നതാണ്.

8)സർക്കാർ നിശ്ചയിച്ച തുകയിൽ താഴെയാണ് ലേലതുക/ടെണ്ടർ തുകയെങ്കിൽ ലേലം സ്ഥിരപ്പെടുത്തുന്നതല്ല.

9)ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ ആധാർകാർഡ് ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് മുൻസിപ്പൽ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ(ഇ4 സെക്ഷൻ)നേരിട്ട് അന്വേഷിക്കാവുന്നതാണ്.

MUNICIPAL OFFICE
...ASSERY

സെക്രട്ടറി

തലശ്ശേരി നഗരസഭ

Signature Not Verified
Digitally signed by Suresh Kumar N
Date: 2026.06.11 14:51:20 IST
Reason: KSMART